

TUESDAY 10/02/2026 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor: SINDHU. K S  Editor: Dr. G.Pramodkumar



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 10/02/2026

1. ഫെബ്രുവരി 11 മുതൽ 16 വരെ തിരുവനന്തപുരം ആനയറയിലെ വേൾഡ് മാർക്കറ്റ് വേദിയിൽ നടക്കുന്ന വൈഗ 2026 അഗ്രി ട്രേഡ് ഫെയറിനോടനുബന്ധിച്ച് പ്രദർശന സ്റ്റാളുകളുടെ വാടക നിരക്ക് സർക്കാർ പുതുക്കി നിശ്ചയിച്ചു. സർക്കാർ, കേന്ദ്ര സർക്കാർ, അർധസർക്കാർ സ്ഥാപനങ്ങൾക്കും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള സർക്കാർ സ്ഥാപനങ്ങൾക്കും സ്റ്റാളുകൾ സൗജന്യമായി അനുവദിക്കും. സ്വകാര്യ സ്ഥാപനങ്ങൾ – 20,000 രൂപ, എഫ്പിഒ/സ്റ്റാർട്ടപ്പുകൾ – 15,000 രൂപ, കേരള ഗ്രോ ബ്രാൻഡഡ് ഷോപ്പുകളും ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന സംരംഭകരും 10,000 രൂപ എന്നിങ്ങനെയാണ് നിരക്ക്. പരിഷ്കരിച്ച നിരക്കുകൾ പ്രകാരം സ്റ്റാൾ ബുക്കിങ് നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നും താല്പര്യമുള്ള സ്ഥാപനങ്ങളും സംരംഭകരും അധികാരികളുമായി ബന്ധപ്പെടണമെന്നും കൃഷി വകുപ്പ് ഡയറക്ടറേറ്റ് അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 9495038106.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

2. ക്ഷീര വികസന വകുപ്പിൻറെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2026 ഫെബ്രുവരി 18 മുതൽ 20 വരെ ക്ഷീര സഹകരണ സംഘം ലാബ് അസിസ്റ്റൻറ് മാർക്കുള്ള പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2026 ഫെബ്രുവരി 17-ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 - 2440911. മേൽവിലാസം ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം. പി.ഒ., തിരുവനന്തപുരം 695004. Email ID:principaldtctvm@gmail.com

3. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് റബ്ബറിന് വളമിടുന്നതിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. 2026 ഫെബ്രുവരി 10-ന് രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയാണ് പരിശീലനം. പരിശീലന മാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൂടുതൽ വിവരങ്ങൾക്ക് 9446428554 എന്ന ഫോൺനമ്പരിൽ ബന്ധപ്പെടാവുന്നതാണ്.ഇമെയിൽ training@rubberboard.org.in

4. ഗുണമേന്മയുള്ള നടീൽവസ്തുക്കളുടെ ഉത്പാദനം, വിതരണം എന്നിവ ഉറപ്പാക്കുന്നതിന് മികച്ചതും ശാസ്ത്രീയവുമായ നഴ്സറിസമ്പ്രദായങ്ങൾ അനുവർത്തിച്ച് നടീൽവസ്തുക്കൾ ഉത്പാദിപ്പിക്കുന്ന റബ്ബർനഴ്സറികൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ റബ്ബർബോർഡ് ഈ വർഷവും തുടരുന്നതാണ്. വിവിധ പദ്ധതികൾ മുഖേന റബ്ബർകൃഷിക്ക് നൽകുന്ന ധനസഹായങ്ങൾക്ക് അപേക്ഷിക്കുന്ന കർഷകർ അപേക്ഷയോടൊപ്പം അംഗീകൃത റബ്ബർനഴ്സറിയിൽ നിന്ന് തൈകൾ വാങ്ങിയതിന്റെ അസ്സൽ ബില്ലുകൾ കൂടി സമർപ്പിക്കേണ്ടതുണ്ട്. 2026 വർഷത്തേക്കുള്ള നടീൽവസ്തുക്കൾ ഉത്പാദിപ്പിച്ച് വിപണനം ചെയ്യുന്ന റബ്ബർനഴ്സറികൾക്ക് റബ്ബർബോർഡിന്റെ അംഗീകാരം നേടുന്നതിനായി നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷകൾ ഇപ്പോൾ സമർപ്പിക്കാവുന്നതാണ്. അപേക്ഷാഫോറവും മറ്റ് വിശദവിവരങ്ങളും റബ്ബർബോർഡിന്റെ റീജിയണൽ ഓഫീസുകളിലും റബ്ബർബോർഡ് വെബ്സൈറ്റിലും

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

(www.rubberboard.gov.in) ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ 2026ഫെബ്രുവരി 25 -ാം തീയതിക്കകം അനുബന്ധ രേഖകൾ സഹിതം ബന്ധപ്പെട്ട റീജിയണൽ ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടുക. ഫോൺ – 0481 2576622.

## കാർഷിക നിർദേശം

5. അന്തരീക്ഷ ഊഷ്മാവ് കൂടി വരുന്നതിനാൽ പച്ചക്കറികളിൽ മണ്ഡരി, ഇലപ്പേൻ, വെള്ളീച്ച മുതലായ നീരൂറ്റി കുടിക്കുന്ന പ്രാണികൾ മൂലമുള്ള കുരുടിപ്പ് രോഗം കാണാൻ സാധ്യതയുണ്ട്. 20 ഗ്രാം വെർട്ടിസീലിയം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. അല്ലെങ്കിൽ വേപ്പെണ്ണയടങ്ങുന്ന കീടനാശിനികൾ പത്ത് ദിവസം ഇടവിട്ട് തളിക്കുകയോ ചെയ്യുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം